(സി) മകളിൽ കാണുന്ന ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഗവണ്മെൻറ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

156. [27] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ ഗവണ്മെൻറ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതി മുതലാണെന്നുള്ളതു് വ്യക്തമാക്കുമോ;

(സി) പരിഷ്കരിച്ച ശമ്പളം കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) 1-4-1955 മുതൽ

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കുത്തകപ്പാട്ടം

157. [28] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കീഴ്ചേരിമേൽ റോഡരികിലുള്ള 18 സെൻറസ്ഥലം 12 കൊല്ലത്തേയ്ക്കു് ഐയ്പു് കൊച്ചയ്പു് എന്നൊരു ധനികനു് കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തു് എത്ര കുടിതാമസക്കാരുണ്ടു്;

(സി) അവിടെ താമസിക്കുന്ന 100-ൽപ്പരം അംഗങ്ങളുള്ള 12 കുടുംബങ്ങളെ ഇറക്കിവിടാൻ സിവിലും, ക്രിമിനലുമായ നടപടികൾ പൂർത്തിയായിവരുന്നുണ്ടെന്നുള്ള വിവരം അറിയാമോ;

(ഡി) കുടിതാമസക്കാർക്കുംതന്നെ വേറെ സ്വന്തമായി ഒരു സെൻറ സ്ഥലംപോലും ഇല്ലാത്തവരല്ലേ;

(ഈ) ഐയ്പു് കൊച്ചയ്യുടേയും 8 സെൻറ് സ്ഥലത്തിൻെറ അനുഭവത്തിനു് ഈ പതിനെട്ടു സെൻറ സ്ഥലംകൂടി വേണമെന്നുള്ള കാരണം പറഞ്ഞാണോ അയാൾക്കു് ഈ സ്ഥലം പതിച്ചുകൊടുത്തതു്;

(എഫ്) ഈ സ്ഥലത്തു് കുടിതാമസക്കാരനായ രാമൻപിള്ള എന്ന ഒരു സാധുവിൻെറ പേരിലുള്ള കുത്തകപ്പാട്ടം റദ്ദു ചെയ്യാണോ ഐയ്യു കൊച്ചയ്യുക്കു് ലേലംകൂടാതെ ഈ സ്ഥലം കുത്തകപ്പാട്ടത്തിനു് കൊടുത്തതു്;

(ജി) ഈ സ്ഥലത്തു് കുടികിടപ്പുകാർ ഐയ്പ കൊച്ചയ്യുടെ പേരിലുള്ള കുത്തകപ്പാട്ടം റദ്ദുചെയ്തു് അവരെ അവിടെ കുടിപാർക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കണമെന്നാണിച്ച് ഹർജികൾ ഗവണ്മെൻറിലേയ്ക്കും റവന്യൂ ബോർഡിലേയ്ക്കും അയച്ചിട്ടുണ്ടോ ;

(എച്ച്) അതിന്മേൽ എന്തു നടപടി നടത്തി ;

(ഐ) സാധുക്കളും, മറവുവസ്തുക്കൾ ഇല്ലാത്തവരുമായ ഈ സ്ഥലത്തെ കുടികിടപ്പുകാർ അവിടെത്തന്നെ താമസിക്കുന്നതിനാവശ്യമായ സത്വരനടപടികൾ നടത്തുവാൻ ഭയവുണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4.

(സി) കക്ഷികൾ തമ്മിൽ കേസുകൾ നടക്കുന്നുണ്ടെന്നറിയാം.

(ഡി) അതെ.

(ഇ) കുത്തകപ്പാട്ട ചട്ടം 24 (1)–ാം വകുപ്പിൻപ്രകാരമാണ് ഈ സ്ഥലം കൊടുത്തത്.

(എഫ്) രാമൻപിള്ളയ്ക്ക് സ്ഥലം കുത്തകപ്പാട്ടത്തിന കൊടുത്തിരുന്നില്ല. സ്ഥലത്തുള്ള വൃക്ഷങ്ങൾ മാത്രം അയാൾക്ക് കുത്തകപ്പാട്ടത്തിന കൊടുത്തിരുന്നു ടി കുത്തകപ്പാട്ടം അസ്ഥിരപ്പെടുത്തി അപ്പീൽ തീർച്ചയുണ്ടായതനുസരിച്ച് വൃക്ഷങ്ങളുടെ കുത്തകപ്പാട്ടം കൊച്ചയ്യപ്പ ഐയ്യിന് കൊടുത്തിരുന്നതായും അറിയുന്നു.

(ജി) ഈ സ്ഥലത്തിൻറ കുത്തകപ്പാട്ടം റദ്ദു ചെയ്യണമെന്നും, രാമൻപിള്ളയുടെ കുടിതാമസത്തിലും, കൈവശത്തിലുമുള്ള സ്ഥലം ടിയാനു കുത്തകപ്പാട്ടത്തിന കിട്ടണമെന്നും വിവരിച്ച് ടി രാമൻപിള്ള ഗവണ്മെൻറിനു അപേക്ഷ ബോധിപ്പിച്ചതു നടപടിയിൽ ഇരിക്കുന്നു. മറെ കുടിതാമസക്കാർ ഗവണ്മെൻറിലോ റവന്യൂ ബോർഡിലോ അപേക്ഷ ബോധിപ്പിച്ചിരിക്കുന്നു.

(എച്ച്) ടി അപേക്ഷയെ സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

(ഐ) കക്ഷികൾ തമ്മിലുണ്ടായ ഒരു സിവിൽ വ്യവഹാരത്തിൽ കോടതിയിൽനിന്നും ഈ സ്ഥലത്തെ ഇപ്പോഴത്തെ താമസക്കാരെ ഒഴിപ്പിക്കുന്നതിനു നടപടി നടത്തിവരുന്നതിനാൽ ഇതിൽ ഇടപെടുന്നതിനു ഇപ്പോൾ നിവൃത്തിയില്ല.

പൊതുചന്ത നടത്തുന്നതിനു നിവേദനം

158. [29] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുമറ്റൂർ പകുതിയിൽപ്പെട്ട കൊറ്റനാട് എന്ന സ്ഥലത്തു ഒരു പൊതുചന്ത നടത്തുന്നതിനെപ്പറ്റി വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലം പരിശോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി പോയിരുന്നോ ;

(സി) അവിടെ ചന്ത സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് പാസ്സാക്കുന്നതിനു ഇത്ര കാലതാമസം ഉണ്ടാകുവാൻ കാരണമെന്തു ;

LIBRARY ARCHIVES Kerala Legislative Assembly